(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മുള്ളംകുഴി ലിഫ്റ്റ് ഇറിഗേഷൻ, തൃക്കുളം ലിഫ്റ്റ് ഇറിഗേഷൻ, മണ്ണട്ടുമ്പാറ വിയർ-കം-ലോക്ക്, വെഞ്ഞാലി ലിഫ്റ്റ് ഇറിഗേഷൻ, ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ സംജാതമാകുന്ന അപകടസ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതികളുടെ ഭരണാനുമതി നൽകി എത്രയും വേഗം പണി പൂർത്തിയാക്കുവാനുള്ള അടിയന്തിര നടപടി സർക്കാർ കൈകൊള്ളുമോ ?

ഉത്തരം

(എ) കമ്മീഷൻ ചെയ്തുകഴിഞ്ഞിട്ടുള്ള ഈ പദ്ധതികളുടെ അറ്റകുറ്റപ്പണികളുടേയും സംരക്ഷണ പണികളുടേയും എസ്റ്റിമേറ്റ് കോഴിക്കോട് ചെറുകിട ജലസേചനവിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) എത്രയുംവേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആയുർവേദ ആശുപത്രിക്ക് കെട്ടിടം

35(238) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി പ്രോജക്ട് വക സ്ഥലം, ആയുർവേദാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ജലസേചനവകുപ്പിലെ എൻജിനീയർമാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകാൻ നടപടി

36(239) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിലെ എൻജിനീയർമാർക്ക് യഥാസമയം അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതെ സർവ്വീസിൽ നിന്നും വിരമിക്കേണ്ടി വരുന്ന അവസ്ഥയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly